## പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3089 — 10.03.2017 - ൽ മറുപടിയ്ക്ക്

## ചാലക്കുടിയിലെ ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ പ്ലോട്ടുകളുടെ ഉടമസ്ഥർക്ക് ഡീഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടിയിലെ ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ 30 വർഷങ്ങൾക്കു മുൻപ് പണികഴിച്ച് കൈമാറിയ പ്ലോട്ടുകളുടെ ഉടമസ്ഥർക്ക് ഇനിയും ഒറിജിനൽ ഡീഡ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന LAR കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. പദ്ധതി ഭൂമിയിലുൾപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി ബോർഡിന്റെ പേരിൽ പതിക്കുന്നതിനായി റവന്യൂ വകുപ്പുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ ഫലമായി ജില്ലാ കളക്ടർ ടി ഭൂമിയുടെ മുൻകൈവശക്കാരായ ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിയ്ക്ക് ടി ഭൂമി സർക്കാരിന് തിരിച്ചു നൽകുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ |

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകളിൽ അന്തിമ വില കണക്കുകൾ തയ്യാറാക്കി വിലയാധാരം നൽകുന്നതിന് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30% അധിക തുകയും ഒരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20.10.1998-ൽ (ഇനം 2) ബോർഡ് തീരുമാനമെടുത്തതു പ്രകാരം അലോട്ടികൾക്ക് വിലയാധാരം നൽകി വരുന്നു. ടി പദ്ധതിയിൽ മൊത്തം 124 അലോട്ടികളിൽ 103 പേർക്ക് നാളിതുവരെ വിലയാധാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 21 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

| | |
|---|---|
| (ബി) ഇവർക്ക് ഒറിജിനൽ ആധാരം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) ഒറിജിനൽ ആധാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Subhash

സെക്ഷൻ ഓഫീസർ